**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1660** **02-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം വേഗത്തിലാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽ പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞാലുടനെ നെല്ല് സംഭരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാരും കൃഷിവകുപ്പും നടപ്പാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനു മുൻപായി www.supplycopaddy.inഎന്ന നെല്ല് സംഭരണ വെബ് സൈറ്റ് വഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ അതത് സ്ഥലത്തെ കൃഷി ഓഫീസർ പരിശോധിച്ച് ഓൺലൈനായി സാക്ഷ്യപ്പെടുത്തുന്ന തിന്റെയും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ അംഗീകാരം നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ കർഷകർക്ക് നെല്ല് സംഭരണ രജിസ്ട്രേഷൻ നമ്പർ ലഭിക്കുന്നു. നെല്ല് സംഭരണം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആധുനിക അരി മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെടുകയും കരാർ നിബന്ധനകൾ പ്രകാരം മില്ലുകൾ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ലാണ് ഇപ്രകാരം സംഭരിക്കുന്നത്.** |
| (ബി) | നെല്ല് സംഭരിച്ച് അരിയാക്കുന്ന ഇനത്തിൽ മില്ലുടമകൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | നേരിട്ട് നെല്ല് സംഭരിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഒരുക്കുന്നതിന് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിലവിലെ നെല്ല് സംഭരണം സംബന്ധിച്ച് പഠനം നടത്തി, നെല്ല് സംഭരണം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും സാധ്യതകളും മറ്റും അടങ്ങിയ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. വി.കെ.ബേബി I.A.S. (Rtd) ചെയർമാനായി 23.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ***നെല്ല് സംഭരണ വിദഗ്ധ സമിതി*** പഠനം പൂർത്തിയാക്കി സമർപ്പിച്ച ***റിപ്പോർട്ട്*** പരിശോധിച്ചു വരുന്നു. പരിശോധന പൂർത്തിയായ ശേഷം മാത്രമേ |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ